**പതിനാലാംകേരള നിയമസഭ**
**നാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 36 27-02-2017 ൽ മറുപടിക്ക്**

**വിവരാവകാശ നിയമപ്രകാരം നൽകുന്നതിനുള്ള ബുദ്ധിമുട്ടുകൾ**

| ചോദ്യം<br>ശ്രീ. പി. ബി. അബ്ദുൾ റസാക്ക് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാന മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകാനാവില്ലെന്ന് ഹൈക്കോടതിയിൽ ബോധിപ്പിച്ചിരുന്നോ എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) മന്ത്രിസഭായോഗ തീരുമാനങ്ങളും മിനിറ്റ്സും വിവരാവകാശ നിയമ പ്രകാരം അപേക്ഷകർക്ക് നൽകാനാവില്ലെന്ന് സർക്കാർ തീരുമാനമെടുക്കുകയോ ഹൈക്കോടതിയിൽ ബോധിപ്പിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തെ 4 മാസ കാലയളവിലെ മന്ത്രിസഭയിലെടുത്ത തീരുമാനങ്ങളുടെയും അജൻഡയുടെയും പകർപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച ഒരു അപേക്ഷയിൻമേൽ ആയത് അതാത് വകുപ്പുകളിലെ വിഷയം കൈകാര്യം ചെയ്യുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് മാത്രമേ അവയിലെ നടപടിക്രമം പൂർത്തീകരിച്ച ശേഷം നൽകാൻ കഴിയുകയുള്ളു എന്ന് മറുപടി നൽകിയിരുന്നു. പ്രസ്തുത അപേക്ഷയിലെ രണ്ടാം അപ്പീലിൻമേൽ അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്ക് നടപടി പൂർത്തിയായതും പൂർത്തിയാകാത്തതുമായ മന്ത്രിസഭാ തീരുമാനങ്ങൾ വേർതിരിച്ച് അപേക്ഷകന് നൽകണമെന്ന് മുഖ്യ വിവരാവകാശ കമ്മീഷണർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ വിഷയം കൈകാര്യം ചെയ്യുന്ന വകുപ്പുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കുമാത്രമേ അവയിലെ നടപടി ക്രമം പൂർത്തീകരിച്ച ശേഷം മറുപടി നൽകാൻ കഴിയുകയുള്ളൂ എന്ന വസ്തുതയും, പ്രസ്തുത തീരുമാനങ്ങളുടെ നടപടി പൂർത്തിയായി കഴിഞ്ഞുവോ എന്ന വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടും ചൂണ്ടിക്കാട്ടിയാണ്, സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത തീരുമാനങ്ങൾ വിവരാവകാശ | (ബി) 2005 ലെ വിവരാവകാശ നിയമപ്രകാരം |

| | |
|---|---|
| നിയമപ്രകാരം നൽകുന്നതിന് ഏതെല്ലാം രീതിയിലുള്ള ബുദ്ധിമുട്ടുകളാണ് ഉള്ളതെന്ന് അറിയിക്കുമോ? | മന്ത്രിസഭാ യോഗ തീരുമാനങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ വെളിപ്പെടുത്തണമെന്നു തന്നെയാണ് സർക്കാരിന്റെ നിലപാട്. 20-07-2016 ലെ സ. ഉ (സാധാ) 20/2016/പൊ.ഭ.വ നമ്പർ ഉത്തരവിലും 09-06-2016 ലെ 590/എസ്.സി1/2016 നമ്പർ സർക്കുലറിലും മന്ത്രിസഭായോഗ തീരുമാനങ്ങൾക്കനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചാൽ ഉടൻ തന്നെ സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ